പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3520 10.04.2013 - ലെ മറുപടിയ്ക്ക്

## ലാൻഡ് യൂസ് ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" എ.റ്റി.ജോർജ്<br>" എം.പി..വിൻസെന്റ്<br>" വി..റ്റി..ബൽറാം | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) ലാൻഡ് യുസ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; | (എ) **ഉദ്ദേശ്യലക്ഷ്യങ്ങൾ:-**<br>1. നിലവിലുള്ള ഭൂവിഭവങ്ങളെയും ഭൂവിനിയോഗത്തെയും സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ ശേഖരിക്കുക.<br><br>2. ശരിയായ ഭൂവിനിയോഗത്തെക്കുറിച്ചും, ഭൂമിയുടെ ഉല്പാദനക്ഷമതയും ഗുണമേന്മയും കുറയുന്നതിനെക്കുറിച്ചും, ഭൂവിഭവ സംരക്ഷണമാർഗ്ഗങ്ങളെക്കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ ഏറ്റെടുക്കുക.<br><br>3. ഭൂവിനിയോഗ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ശാസ്ത്രീയ ഉപദേശം നൽകുകയും ചെയ്യുക.<br><br>4. ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും, വികസനത്തിനും, പരിപാലനത്തിനും, ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. |

| | | | |
|---|---|---|---|
| | | | 5. ഭൂവിഭവ പരിപാലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.<br><br>**പ്രവർത്തനങ്ങൾ:-**<br><br>1. പ്രകൃതി വിഭവങ്ങളുടെ പഞ്ചായത്ത്തല വിഭവ ഭൂപടം തയ്യാറാക്കൽ.<br>2. നീർത്തടങ്ങളുടെ സുക്ഷ്മതല വിഭജനം<br>3. കാർഷികപാരിസ്ഥിതിക മേഖലകളുടെ തരംതിരിക്കൽ<br>4. അനുയോജ്യമായ ഭുവിനിയോഗ ആസൂത്രണം.<br>5. നീർത്തടാധിഷ്ഠിത കർമ്മപദ്ധതികൾ തയ്യാറാക്കൽ<br>6. ഭൂവിനിയോഗ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>7. ഭൂവിഭവങ്ങളുടെ പ്രശ്നങ്ങളെയും സാദ്ധ്യതകളെയും സംബന്ധിക്കുന്ന പഠനങ്ങൾ .<br>8. പ്രകൃതി വിഭവ സംരക്ഷണ ബോധവൽക്കരണം. |
| (ബി) | പ്രസ്തുത ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം പുർത്തിയാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ ഡാറ്റാ ബെയ്സ് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്: വിശദമാക്കുമോ; | (സി) | കേരളത്തിലെ 724 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭുവിനിയോഗം, ജലവിഭവം, ആസ്തികൾ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ സ്ഥലപരമായ ചട്ടക്കുട്ടിൽ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തുടർന്ന് തൃശുർ, പാലക്കാട്, എറണാകുളം, വയനാട്, കണ്ണൂർ, കോട്ടയം ജില്ലകളുടെ വിഭവഭൂപടങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ സ്പേഷ്യൽ ഡാറ്റാബേസ് തയ്യാറാക്കുകയുണ്ടായി. |

എറണാകുളം, പാലക്കാട് ജില്ലകൾക്ക് വേണ്ടി ഭൂവിഭവവിവര സംവിധാനത്തിലൂടെ ടി വിവരങ്ങൾ വികസനവകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഇന്റർനെറ്റിലൂടെ ലഭ്യമാക്കിയും വരുന്നു.

| | |
|---|---|
| (ഡി) പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ത്രൈമാസിക വാർത്താപത്രിക 'വിഭവകേരളം' പ്രസിദ്ധീകരണം തുടങ്ങുന്നതാണ്. മേഖല അടിസ്ഥാനത്തിലും ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതാണ്. കുടാതെ വിദ്യാർത്ഥികളിലും യുവജനങ്ങളിലും പരിസ്ഥിതി പരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി ചിത്രരചന, ക്വിസ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**